പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6717** 09/11/2016 -ൽ **മറുപടിയ്ക്ക്**

ദേവസ്വം ഭൂമി കൈയ്യേറ്റം

ചോദ്യം

ശ്രീ.പി.കെ. ശശി

ഉത്തരം

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ,**
**ബഹു. ഊർജ്ജവും ദേവസ്വവും**
**വകുപ്പു മന്ത്രി.**

എ) സംസ്ഥാനത്ത് ദേവസ്വം വക ഭൂമി എല്ലാ ജില്ലകളിലും കടന്നുകയറ്റവും കൈയ്യേറ്റവും കൊണ്ട് അന്യാധീനപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കമോ:

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മലബാർ ദേവസ്വം

| ഡിവിഷൻ | സർവ്വെ നടത്തിയ ക്ഷേത്രങ്ങൾ | കയ്യേറ്റം ഭൂമി (ഏക്കറിൽ) |
|---|---|---|
| കാസർഗോഡ് | 174 | 68.46 |
| തലശ്ശേരി | 135 | 2122.69 |
| കോഴിക്കോട് | 210 | 22393.12 |
| മലപ്പുറം | 320 | 9560 |
| പാലക്കാട് | 284 | 13.35 |
| ആകെ | 1123 | 24693.22 |

കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലുള്ള തൃശ്ശൂർ, എറണാകുളം, പാലക്കാട് ജില്ലകളിലെ ദേവസ്വം ഭൂമികളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കയ്യേറ്റമുള്ളത് - 12.2195 ഹെക്ടർ

ഏറ്റെടുത്തത് - . 3.3474 ഹെക്ടർ

കൂടൽമാണിക്യം ദേവസ്വത്തിൽ തൃശ്ശൂർ ജില്ലയിൽ 35 സെന്റ് ഭൂമി അന്യാധീനപ്പെട്ടിട്ടുള്ളത് തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ 1 ഏക്കർ 93 സെന്റ് ഭൂമിയിൽ ഏകദേശം 1 ഏക്കറോളം സ്ഥലം അന്യാധീനപ്പെട്ട് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കളിൽ ഏകദേശം 400 ഏക്കറോളം ഭൂമി അന്യാധീനപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.

**ബി)** **ഇത്തരം ഭൂമി കൈയ്യേറ്റം സംബന്ധിച്ച് നിലവിൽ വിവിധ കോടതികളിലായി എത്ര കേസ്സുകളുണ്ട്; അവയുടെ നിലവിലെ സ്ഥിതി ജില്ല തിരിച്ച് ലഭ്യമാക്കുമോ;**

**ബി)** മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഭൂമി കൈയ്യേറ്റം സംബന്ധിച്ച് കോടതികളിൽ നിലനിൽക്കുന്ന വ്യവഹാരങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ 48 കേസുകൾ ഉണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭൂമി കൈയ്യേറ്റം സംബന്ധിച്ച് ദേവസ്വം തിരിച്ചുള്ള ലഭ്യമായ വിവരം അനുബന്ധം 2 A ആയി ചേർക്കുന്നു.

ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ നിലവിൽ കോടതി കേസുകൾ ഇല്ല.

**സി)** **പ്രസ്തുത കൈയ്യേറ്റ ഭൂമി പിടിച്ചെടുക്കുവാൻ മദ്രാസ് ഹിന്ദു മത ധർമ്മ സ്ഥാപന നിയമം സമഗ്രമായി ഭേദഗതി ചെയ്യേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?**

**സി)** ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible] ലഭ്യമാണ്